ഡിസൈനർ

# വീടും പ്ലാനും

വീടുനിർമ്മാണത്തിന് ഒരു സമ്പൂർണ്ണ വഴികാട്ടി

2018 January-February
Vol. 3 | Issue 1
Price ₹ 100/- | AED 30 | US$ 10

A COMPLETE MAGAZINE ON RESIDENTIAL ARCHITECTURE



**ചെലവ് കുറഞ്ഞ വീട്**

ചെലവ് കുറഞ്ഞൊരു വീട് സ്വന്തമാക്കാം

ആർക്കിടെക്റ്റ് ജിബു ജോൺ

**റെനവേഷൻ**

പുതുക്കിപ്പണിയലിന്റെ ആത്മസംതൃപ്തി

ആർക്കിടെക്റ്റ് പി.പി. വിവേക് & ആർക്കിടെക്റ്റ് നിഷാൻ എം.

## 10 ചെലവ് കുറഞ്ഞ വീടുകൾ

## 7 പുതുക്കിപ്പണിത വീടുകൾ

**പ്രവാസി വീട്**

വീട്ടുകാർക്കിണങ്ങിയ വീട്

**സ്വപ്നഭവനം**

സമകാലിക രുചിക്കൂട്ട്

**ഇഷ്ടപ്രോജക്റ്റ്**

ചെരിവുള്ള പ്ലോട്ടിനൊത്ത്

**സ്പെഷ്യൽ ഫോക്കസ്**

സോളാർ എനർജി

# കൊച്ചു കൊച്ചു മാറ്റങ്ങൾ

ആവശ്യമുള്ള സൗകര്യങ്ങൾ കൂട്ടിയെടുത്തുകൊണ്ടും മുറികൾക്ക് അടിമുടി രൂപമാറ്റം വരുത്തിക്കൊണ്ടും മിനുക്കിയെടുത്ത ഒരു വീട്



ഇരുപത്തഞ്ചിൽ പരം വർഷം പഴക്കമുള്ള ഒറ്റനില വീടായിരുന്നു രഞ്ജിത്തിന്റേയും കുടുംബത്തിന്റെയും തൃശൂർ പെരിഞ്ഞനത്തുള്ള വീട്. അത്യാവശ്യ സൗകര്യങ്ങൾ എല്ലാം തന്നെ ഉണ്ടായിരുന്നെങ്കിലും ഇവിടെ മുറികൾ എല്ലാം വളരെ ചെറുതായിരുന്നു. മാത്രമല്ല, വെളിച്ചക്കുറവും അനുഭവപ്പെട്ടിരുന്നു. അങ്ങനെയാണ് ഇവിടെ വീട് പുതുക്കിപ്പണിയാൻ തീരുമാനിക്കുന്നത്. രഞ്ജിത്തിന്റെ തറവാട് വീടായിരുന്നതിനാൽ വീടിനോടുള്ള വൈകാരിക അടുപ്പം മൂലം വീട് മുഴുവനായി പൊളിച്ചു കളയരുതെന്നും പക്ഷേ, മോഡേൺ സൗകര്യങ്ങൾ എല്ലാം ഉൾക്കൊള്ളിക്കണമെന്നും രഞ്ജിത്ത് ആദ്യമേ പറഞ്ഞിരുന്നു. അതനുസരിച്ച് കാര്യമായ പൊളിച്ചു പണിയലുകൾ നടത്താതെ ഇന്നത്തെ രീതിയിൽ കാലികമായ മാറ്റങ്ങൾ വരുത്തിക്കൊണ്ട് വീടിന്റെ റെനവേഷൻ ചുമതല നിർവ്വഹിച്ചത് ആർക്കിടെക്റ്റ് ദമ്പതിയായ അനൂപ് ചന്ദ്രനും മനീഷാ അനൂപും (അമാക് ആർക്കിടെക്റ്റ്സ്, തൃപ്രയാർ, തൃശൂർ) ചേർന്നാണ്.

വിശാലമായ 50 സെന്റ് പ്ലോട്ടിലാണ് വീട് സ്ഥിതി ചെയ്യുന്നത്. കൃഷിയോട് വളരെയധികം താൽപര്യമുള്ളവരായതിനാൽ വീടിനുചുറ്റും വരുന്ന സ്ഥലത്ത് മത്സ്യക്കൃഷി, പക്ഷിവളർത്തൽ തുടങ്ങി പലതരം കൃഷികൾ ചെയ്തു വരുന്നു. റെനവേഷനു ശേഷം ഇത് ഇപ്പോൾ ഇരുനില വീടായിരിക്കുന്നു. 1800 സ്ക്വയർ ഫീറ്റാണ് പഴയ വീടിന് ഉണ്ടായിരുന്നത്. പുതു






റെനവേഷനു മുമ്പ്



ആർക്കിടെക്റ്റ് അനൂപ് ചന്ദ്രനും
ആർക്കിടെക്റ്റ് മനീഷാ അനൂപും

**കാര്യമായ പൊളിച്ചു പണിയലുകൾ നടത്താതെ ഇന്നത്തെ രീതിയിൽ കാലികമായ ചില മാറ്റങ്ങൾ വരുത്തുകയാണ് ചെയ്തത്**






ക്കലിന് ശേഷം ഏതാണ്ടിരട്ടി വലുപ്പത്തിലേക്ക് - 3521 സ്ക്വയർഫീറ്റായി മാറി. എലിവേഷൻ കന്റംപ്രറി ശൈലിയിലാണ് ഡിസൈൻ ചെയ്തിട്ടുള്ളത്. അങ്ങിങ്ങായി നൽകിയ മുഖപ്പുകളും ചരിഞ്ഞ മേൽക്കൂരയും ഓപ്പൺ ബാൽക്കണിയും കോർണർ വിൻഡോകളും ബെയ്ജ് & ആഷ് കളർ കോമ്പിനേഷനും എക്സ്റ്റീരിയറിന്റെ ചന്തം കൂട്ടാൻ സഹായിക്കുന്നു. മുറ്റം മുഴുവൻ പേവിങ് ടൈൽ വിരിച്ച് ഇടയ്ക്ക് പുല്ലും പിടിപ്പിച്ച് ഭംഗിയാക്കിയിട്ടുണ്ട്. വീടിന്റെ മുൻവശത്ത് ബാൽക്കണി സ്പേസിൽ തടി

▲ വീടിനുസമീപം ഓപ്പൺ നയത്തിൽ ഡിസൈൻ ചെയ്ത കാർപോർച്ച്

കൊണ്ട് നിർമ്മിച്ച് ബ്ലാക്ക് മെറ്റാലിക് പെയിന്റ് ചെയ്തെടുത്ത ആർട്ട് വർക്ക് പ്രധാനാകർഷണം തന്നെയാണ്. ക്ലയന്റിന്റെ ആവശ്യപ്രകാരം പൂമുഖം അല്പം വിശാലമാക്കി നീളത്തിൽ തന്നെ ചെയ്തെടുത്തു. വീടിന്റെ പുറകുവശത്ത് നേരത്തെയുണ്ടായിരുന്ന വരാന്ത അതുപോ

▲ വീടിന്റെ പുറകുവശത്തെ വരാന്ത. മുകളിലത്തെ ഓപ്പൺ ടെറസ് പോളി കാർബണേറ്റ് ഷീറ്റ് വിരിച്ച് ഉപയോഗ്യമാക്കിത്തീർത്തിരിക്കുന്നു

പഴയ വീടിന്റെ ഹാളും ബെഡ്റൂമും കൂട്ടിയെടുത്ത് വിശാലമാക്കിയ ലിവിങ് സ്പേസ് ▼





ലിവിങ്ങിൽ നിന്നും കാഴ്ച സാധ്യമാകും വിധം ക്രമീകരിച്ച മെസനിൻ എരിയയിലെ ക്യൂരിയോസ് ഷെൽഫ്

ലെ തന്നെ നിലനിർത്തിയിട്ടുണ്ട്. മുകളിലത്തെ ഓപ്പൺ ടെറസ് പോളി കാർബണേറ്റ് ഷീറ്റ് വിരിച്ച് ഉപയോഗയോഗ്യമാക്കി തീർത്തിരിക്കുന്നു. വീടിന്റെ സ്ട്രക്ച്ചറിനോട് ചേർന്ന് ചെറിയ വാഹനങ്ങൾ പാർക്കുചെയ്യാനുള്ള പോർച്ചും സമീപം ഓപ്പൺ നയത്തിൽ മറ്റൊരു പോർച്ചും ഡിസൈൻ ചെയ്തിരിക്കുന്നു.

## പരിവർത്തന വഴി


മൂന്ന് ബെഡ്റൂമുകൾ, ഒരു ഹാൾ, കിച്ചൻ, വർക്കേരിയ, ഇത്രയുമായിരുന്നു പഴയ ഒറ്റനില വീട്ടിലെ സൗകര്യങ്ങൾ. പഴയ വീടിന്റെ ഒരു ബെഡ്റൂമും ഹാളും കൂട്ടിയെടുത്താണ് ഇന്നത്തെ വിശാലമായ ലിവിങ് റൂം ആയി പരിവർത്തിപ്പിച്ചത്. പഴയ ലിവിങ്ങിന്റെ റൂഫ് സ്ലാബ് പൊളിച്ചുമാറ്റി ഡബിൾ ഹൈറ്റാക്കി, മുകളിൽ ഒരു മെസനിൻ ഫ്ളോർ ഉൾച്ചേർത്തു. ലൈബ്രറിക്കു സ്ഥാനം നൽകിയത് ഇവിടെയാണ്. 'L' ഷേപ്പിൽ റെഡ് & ബെയ്ജ് കളർ കോമ്പിനേഷനിൽ കസ്റ്റംമെയ്ഡായി ചെയ്തെടുത്ത സോഫാസെറ്റാണ് ലിവിങ്ങിലുള്ളത്. ലിവിങ്ങിൽ നിന്നും ഡൈനിങ്ങിലേക്കുള്ള പ്രവേശന കവാടം വുഡും വാൾപേപ്പറും ഉപയോഗിച്ച് പാനലിങ് ചെയ്ത് ആകർഷകമാക്കിയിരിക്കുന്നു. ടിവി യൂണിറ്റ് സജ്ജീകരിച്ചിരിക്കുന്ന ഭിത്തിയിലേക്കും ഈ ഒരു ഡിസൈൻ പാറ്റേണിന്റെ പിന്തുടർച്ചയുണ്ട്. സെമി ക്യാന്റിലിവർ ആകൃതിയിൽ ജിഐ പൈപ്പ് ഉപയോഗിച്ച് ഹാൻഡ് റെയിൽ ചെയ്ത സ്റ്റെയർ കേസ് ലിവിങ്ങിൽ നിന്നാണ് ആരംഭിക്കുന്നത്. മെസനിൻ എരിയയിൽ മറൈൻ പ്ലൈയും ലാമിനേറ്റും ഉപയോഗിച്ചു തീർത്ത ക്യൂരിയോസ് ഷെൽഫ് ലിവിങ്ങിൽ നിന്നും കാഴ്ചസാധ്യമാകും വിധമാണ് ക്രമീകരിച്ചത്. വുഡും വാൾപേപ്പറും ഉപയോഗിച്ചു ചെയ്ത പാനലിങ് ഡൈനിങ് എരിയയുടെ ഭിത്തിയിലും ആവർത്തിച്ചിട്ടുണ്ട്. ഭിത്തിയിൽ ക്യൂരിയോസ് ഷെൽഫുകൾക്കും സ്ഥാനം നൽകി. ജിഐ പൈപ്പും ആർട്ടിഫിഷ്യൽ നാനോ വൈറ്റ് ഗ്രനൈറ്റും ഉപയോഗിച്ചാണ് ഡൈനിങ് ടേബിൾ നിർമ്മിച്ചിരിക്കുന്നത്. അടുക്കള ചെറുതായിരുന്നു. അത് ഇന്നത്തെ രീതിയിൽ മോഡുലാർ കിച്ചനാക്കി പരിവർത്തിപ്പിച്ചു. ബ്രേക്ക് ഫാസ്റ്റ് സൗകര്യത്തോടെ റെഡ് & ക്രീം കളർ കോമ്പിനേഷനിൽ ഒരുക്കിയ കിച്ചന്റെ കൗണ്ടർടോപ്പിന് നാനോ വൈറ്റും കബോർഡുകൾക്ക് മറൈൻ പ്ലൈയും ലാമിനേറ്റുമാണ് ഉപയോഗിച്ചത്.

**എലിവേഷൻ കന്റംപ്രറി ശൈലിയിലാണ് ഡിസൈൻ ചെയ്തിട്ടുള്ളത്. അങ്ങിങ്ങായി നൽകിയ മുഖപ്പുകളും ചരിഞ്ഞ മേൽക്കൂരയും ഓപ്പൺ ബാൽക്കണിയും കോർണർ വിൻഡോകളും ബെയ്ജ് & ആഷ് കളർ കോമ്പിനേഷനും എക്സ്റ്റീരിയറിന്റെ ചന്തം കൂട്ടാൻ സഹായിക്കുന്നു**


ഡൈനിങ് എരിയയിലെ പ്രധാന ആകർഷണമാണ് വുഡും വാൾപേപ്പറും ഉപയോഗിച്ച് ചെയ്ത പാനലിങ്









ഗ്രൗണ്ട് ഫ്ളോർ പ്ലാൻ




ഫസ്റ്റ് ഫ്ളോർ പ്ലാൻ





## PROJECT DETAILS

| | |
|---|---|
| Architects | Ar. Anoop Chandran V P &<br>Ar. Maneesha Anoop<br>AMAC Architects<br>Tripprayar P. O., Nattika<br>Trissur - 680566<br>Ph: 9995000222 |
| Owner | Renjith K K, Ph: 7025222838 |
| Location | Perinjanam west |
| Year of Completion | 2016 |
| Site Area | 31 Cent |
| Built Area | 3521 sq.ft. |
| Structural Engineer /Civil Engineer | S R Associates<br>0487-3290357 |
| Project Contractor | Kunjumohammed, Ph: 9447436415 |
| Interior Contractor | Top View Interiors,<br>Ph: 9946645454 |

മെസനിൻ ഏരിയയിൽ മറൈൻ പ്ലൈയും ലാമിനേറ്റും ഉപയോഗിച്ചു തീർത്ത ക്യൂരിയോസ് ഷെൽഫ്

സെമി ക്യാന്റി ലിവർ ആകൃതിയിൽ ചെയ്ത സ്റ്റെയർ കേസ് അകത്തളത്തിലെ പ്രധാന ആകർഷണമാണ്



1800 സ്ക്വയർഫീറ്റാണ് പഴയ വീടിന് ഉണ്ടായിരുന്നത്. പുതുക്കലിന് ശേഷം ഏതാണ്ടിരട്ടി വലുപ്പത്തിലേക്ക് – 3521 സ്ക്വയർഫീറ്റായി മാറി





കിടപ്പുമുറികളിൽ കട്ടിലിന്റെ ഹെഡ്റെസ്റ്റ് ഭാഗത്തെ ഭിത്തി വാൾപേപ്പർ ചെയ്ത് ആകർഷകമാക്കിയിരിക്കുന്നു

ബ്രേക്ക്ഫാസ്റ്റ് സൗകര്യത്തോടെ റെഡ് & ക്രീം കളർ കോമ്പിനേഷനിൽ ഒരുക്കിയ കിച്ചൻ



കിച്ചനിൽ നിന്ന് ഡൈനിങ്ങിലേക്ക് ഒരു ഓപ്പണിങ്ങും നൽകിയിരിക്കുന്നു.

നാലു കിടപ്പുമുറികളാണ് പുതിയ വീട്ടിൽ ഉള്ളത്. മുകൾനിലയിൽ രണ്ട് കിടപ്പുമുറികൾ പുതുതായി കൂട്ടിച്ചേർത്തു. എല്ലാ ബെഡ്റൂമിലും കട്ടിലിന്റെ ഹെഡ്റെസ്റ്റ് ഭാഗത്തെ ഭിത്തി വാൾ പേപ്പർ ചെയ്ത് മനോഹരമാക്കിയിട്ടുണ്ട്. മറൈൻ പ്ലൈയും ലാമിനേറ്റും ഉപയോഗിച്ച് ചെയ്ത വാഡ്രോബ് സൗകര്യവും ഉൾപ്പെടുത്തിയിട്ടുണ്ട്. കിടപ്പുമുറികളിൽ നാച്വറൽ ലൈറ്റ് കടന്നുവരുവാൻ സീലിങ്ങിൽ പർഗോളകൾ നൽകിയിരിക്കുന്നു. എല്ലാ ബെഡ്റൂമിനും അറ്റാച്ച്ഡ് ബാത്റൂം സൗകര്യം നൽകിയിട്ടുണ്ട്. ഡാർക്ക് ഷേഡിലുള്ള പഴയ ഗ്രനൈറ്റ് ഫ്ളോറിങ് മാറ്റി എല്ലാ ഏരിയകളിലും വിട്രിഫൈഡ് ടൈലാണ് പാകിയിരിക്കുന്നത്. ആവശ്യമുള്ള സൗകര്യങ്ങൾ എല്ലാം കൂട്ടിയെടുത്തുകൊണ്ടും, ചില മുറികൾക്ക് അടിമുടി രൂപമാറ്റം വരുത്തി അവശ്യസൗകര്യങ്ങൾ ഉൾക്കൊള്ളിച്ചു കൊണ്ടും ചെയ്ത റെനവേഷന് 52 ലക്ഷം രൂപയാണ് മൊത്തത്തിൽ ചെലവായത്. ●

ഫോട്ടോഗ്രാഫി : പ്രതീഷ്, തൃപ്രയാർ